## 632

*രീതി: യേശു നല്ലവൻ എനിക്കു*

1 ക്രിസ്തുവിൻ ജനങ്ങളേ നമുക്കു ഹാ! ജയം
മൃത്യുവെ ജയിച്ചുയിർത്തു തീർത്തു താൻ ഭയം!
നിത്യഭാഗ്യജീവിതം തരുന്നു നിശ്ചയം ഹാ! എന്താശ്ചര്യം!

2 നാൾക്കുനാൾ ദുഷിച്ചിടുന്ന ലോകജീവിതം
മേൽക്കുമേൽ പ്രയാസമേകും ദൈവമക്കളിൽ
ഓർക്ക, നാഥനേശുവിന്നു ലോകമേതുമേ യോഗ്യമായില്ല-

3 അന്ധകാരമദ്ധ്യേയാണിരുപ്പതെങ്കിലും
ബന്ധുവായവൻ നമുക്കു മുമ്പിലുണ്ടതാൽ
ബന്ധുരപ്രകാശമേകി വഴി നടത്തിടും എന്തൊരാനന്ദം!

4 ഉറ്റവർ പിരിഞ്ഞുനിന്നു ദുഷ്ടരെന്നപോൽ
ചുറ്റിലും ഭയം വരുത്തുവാൻ ശ്രമിക്കിലും
പെറ്റതള്ളയിൽ കവിഞ്ഞു കരുതിടുന്നവൻ ക്രിസ്തുമാത്രമാം-

5 പാരിതിൽ പ്രവാസകാലമെന്ന കാരണം
ഭാരമായിത്തോന്നിടുമിജ്ജീവിത രണം
സാരമില്ലിതൽപ്പകാലം വേഗം തീരണം വാനിൽ ചേരണം-

6 ശത്രുവോടെതിർത്തു നിൽക്കുവാനവൻ തരും
ശക്തിയതു ധരിച്ചു ധരയിൽ നമ്മളേവരും
ശുദ്ധ യുദ്ധം ചെയ്ക, നല്ല വിരുതു താൻ തരും, വേഗം താൻ വരും

7 അന്ത്യകാല ലക്ഷണങ്ങൾ കണ്ടിടുന്നു നാം
വീണ്ടെടുപ്പടുത്തു പോയി തലയുയർത്തുവിൻ!
പണ്ടുതാൻ പറഞ്ഞവാക്കിലുണ്ടിതൊക്കെയും വേണ്ട സംശയം-

**T.K.S.**